ഉത്തരം

(എ) & (ബി) ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നില്ല.

(സി) കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്.

(ഡി) മറ്റു സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടിയുള്ള സബ് സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ നിയന്ത്രണ സമ്മതപത്രം

52 [1454] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയമേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട് ;

(ബി) എൻ. ഒ. സി. നൽകുന്നതിനു മുമ്പ് മെരിറ്റ് കോട്ടയിൽ പ്രവേശനത്തിന് അമ്പത് ശതമാനം സീറ്റും സർക്കാർ ഫീസും നിഷ്കർഷിക്കുന്ന സമ്മതപത്രം ബന്ധപ്പെട്ട സ്വാശ്രയ മാനേജ്മെന്റുകളിൽ നിന്നും എഴുതി വാങ്ങിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അപ്രകാരം സമ്മതപത്രം വാങ്ങാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) മുൻസർക്കാർ എൻ. ഒ. സി. നൽകിയപ്പോൾ ഇപ്രകാരം നിബന്ധന നിഷ്കർഷിക്കാതിരുന്നതുകൊണ്ടാണ് മാനേജ്മെന്റുകൾക്ക് ഇഷ്ടപ്രകാരം സീറ്റും ഫീസും നിശ്ചയിക്കാൻ അവസരമുണ്ടായതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ 10 എം. ബി. എ. സ്ഥാപനങ്ങൾക്കും ഒരു എം. സി. എ. സ്ഥാപനത്തിനും എൻ. ഒ. സി. നൽകിയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ എൻ. ഒ. സി. നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിശദാംശം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ എൻ. ഒ. സി. നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷന്റെ അംഗീകാരം ലഭിച്ചതിനുശേഷം പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം നൽകുമ്പോഴാണ്, മെരിറ്റ് ക്വാട്ടയിലെ പ്രവേശനത്തിന് അമ്പത് ശതമാനം സീറ്റും സർക്കാർ ഫീസും നിഷ്കർഷിക്കുന്ന സമ്മതപത്രം ബന്ധപ്പെട്ട സ്വാശ്രയ മാനേജ്മെന്റുകളിൽ നിന്നും എഴുതി വാങ്ങുന്നത്. ബി. എഡ്. കോളേജുകളെ സംബന്ധിച്ച് ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അൺ ഇക്കണോമിക് സ്കൂളുകളും പ്രൊട്ടക്ടഡ് അദ്ധ്യാപകരും

53 [1455] ശ്രീ. കടവൂർ ശിവദാസൻ:
,, എം. എം. ഹസ്സൻ:
,, കെ. സുധാകരൻ:
,, പി. ടി. തോമസ്:
,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിപ്പോൾ എത്ര അൺ ഇക്കോണമിക് സ്കൂളുകളുണ്ട് ;

(ബി) ഇവയുടെ എണ്ണം വർദ്ധിക്കുകയാണോ കുറയുകയാണോ ചെയ്യുന്നത് ;

(സി) ഇപ്പോൾ എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരുണ്ട് ;

(ഡി) ഇവരുടെ ജോലി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കുവേണ്ടി പ്രതിവർഷം എന്തു ചെലവ് വരുന്നുണ്ട് ?

ഉത്തരം

(എ) 2622.

(ബി) വർദ്ധിക്കുകയാണ്.

(സി) പുനർവിന്യസിക്കാൻ ബാക്കിയുള്ള പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ എണ്ണം 471 ആണ്.

(ഡി) വിന്യസിക്കപ്പെട്ട സ്കൂളുകളിൽ അതാത് വിഷയങ്ങളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നു. കൂടാതെ എസ്. എസ്. എ., ഡി. പി. ഇ. പി., സംസ്ഥാന സാക്ഷരതാമിഷൻ എന്നിവയുമായി ബന്ധപ്പെട്ടും ജോലി നോക്കുന്നു.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly